## മധുരമായ കുട്ടികളെ- ബാബയെ സ്നേഹത്തോടെ ഓര്‍മ്മിച്ചുകൊണ്ടിരിക്കു, സദാ ശ്രീമതത്തിലൂടെ നടക്കൂ, പഠിപ്പില്‍ പൂര്‍ണ്ണ ശ്രദ്ധ നല്‍കൂ എങ്കില്‍ എല്ലാവരും നിങ്ങളെ ബഹുമാനിക്കും.

**ചോദ്യം–**അതീന്ദ്രിയസുഖം അനുഭവിക്കാന്‍ സാധിക്കുന്നത് ഏതു കുട്ടികള്‍ക്കാണ്?
**ഉത്തരം–** 1. ദേഹീ അഭിമാനിയായവര്‍ക്ക്, ഇതിനുവേണ്ടി എപ്പോള്‍ ആരോട് സംസാരിക്കുമ്പോഴും അഥവാ മനസ്സിലാക്കിക്കൊടുക്കുമ്പോഴും ചിന്തിക്കണം ഞാന്‍ ആത്മീയ സഹോദരനോട് സംസാരിക്കുകയാണ്. ഭായി–ഭായി എന്ന ദൃഷ്ടി പക്കയാക്കുന്നതിലൂടെ ദേഹീ അഭിമാനിയായിക്കൊണ്ടിരിക്കും. 2. ഞങ്ങള്‍ ഭഗവാന്‍റെ വിദ്യാര്‍ത്ഥികളാണെന്ന് ആര്‍ക്കാണോ ലഹരിയുള്ളത് അവര്‍ക്കുതന്നെയാണ് അതീന്ദ്രിയസുഖത്തിന്‍റെ അനുഭവം ഉണ്ടാവുക.

ഗീതം– എന്‍ മനസ്സിന്‍ പടിവാതില്‍ക്കല്‍ വന്നതാര്‍..............

**ഓംശാന്തി.** അച്ഛന്‍ കുട്ടികള്‍ക്ക് മനസ്സിലാക്കിത്തരികയാണ്. ബാക്കി ഏതൊരു പ്രസ്ഥാനത്തിലും അച്ഛന്‍ കുട്ടികള്‍ക്ക് മനസ്സിലാക്കിത്തരികയാണ് എന്ന് പറയില്ല. കുട്ടികള്‍ക്ക് അറിയാം എല്ലാ കുട്ടികളുടേയും അച്ഛന്‍ ഒരാളാണ്. എല്ലാവരും സഹോദരങ്ങളാണ്. അച്ഛനില്‍ നിന്നും കുട്ടികള്‍ക്ക് തീര്‍ച്ചയായും സമ്പത്ത് ലഭിക്കുന്നു. ചക്രത്തിലൂടെയും നിങ്ങള്‍ക്ക് നല്ലരീതിയില്‍ മനസ്സിലാക്കിക്കൊടുക്കാന്‍ സാധിക്കും ഇതാണ് സംഗമയുഗം ഈ സമയത്താണ് മുക്തിയും ജീവന്മുക്തിയും ലഭിക്കുന്നത്. നിങ്ങള്‍ കുട്ടികള്‍ ജീവന്മുക്തിയിലേയ്ക്ക് പോകും അപ്പോള്‍ ബാക്കി എല്ലാവരും മുക്തിയിലേയ്ക്ക് പോകും. സദ്ഗതി ദാതാവ്, മുക്തിദായകന്‍, വഴികാട്ടി എന്നെല്ലാം ബാബയെയാണ് പറയുന്നത്. രാവണരാജ്യത്തില്‍ എത്രയധികം മനുഷ്യരാണ്. രാമരാജ്യത്തില്‍ ഒരേ ഒരു ആദിസനാതന ദേവീദേവതാ ധര്‍മ്മം മാത്രമാണുണ്ടായിരുന്നത്. അവരെ ആര്യര്‍ എന്നും അനാര്യര്‍ എന്നും വിളിക്കുന്നു. ആര്യര്‍ എന്ന് സംസ്ക്കാരമുള്ളവരേയും അനാര്യര്‍ എന്ന് സംസ്ക്കാരമില്ലാത്തവരേയുമാണ് വിളിക്കുന്നത്. എങ്ങനെയാണ് സംസ്ക്കാരമില്ലാത്തവരായി മാറിയത് എന്ന് ആര്‍ക്കും അറിയില്ല. ആര്യര്‍ എന്നത് ഒരു ധര്‍മ്മമായിരുന്നില്ല. സംസ്ക്കാരസമ്പന്നര്‍ ഈ ദേവതകളായിരുന്നു പിന്നീട് 84 ജന്മങ്ങളെടുത്ത് സംസ്ക്കാരമില്ലാത്തവരായി മാറി. ആരാണോ ഉയര്‍ന്നതിലും ഉയര്‍ന്ന പൂജ്യരായിരുന്നത് അവര്‍ പൂജാരിയായി മാറി. ഹം സോ എന്നതിന്‍റെ അര്‍ത്ഥവും അച്ഛന്‍ മനസ്സിലാക്കിത്തന്നു. ഏണിപ്പടികള്‍ ഉപയോഗിച്ച് പറഞ്ഞുകൊടുക്കുന്നത് വളരെ നല്ലതാണ്. അല്ലാതെ ആത്മാവ് തന്നെയാണ് പരമാത്മാവ്, പരമാത്മാവ് തന്നെയാണ് ആത്മാവ് എന്നല്ല. ഇത് വിരാട നാടകമാണ്. നിങ്ങള്‍ക്ക് അറിയാം നമ്മള്‍ പൂജ്യരായിരുന്നു പിന്നീട് നമ്മള്‍തന്നെ പൂജാരിയായി അര്‍ത്ഥം നമ്മള്‍ ദേവതയായിരുന്നു പിന്നീട് നമ്മള്‍തന്നെ ക്ഷത്രിയന്‍....... ആവുന്നു. ഏണിപ്പടി തീര്‍ച്ചയായും ഇറങ്ങും. ഇതും കണക്കാണ്, 84 ജന്മങ്ങള്‍ ആരാണ് എടുക്കുന്നത്. ബാബ പറയുന്നു നിങ്ങള്‍ക്ക് നിങ്ങളുടെ ജന്മങ്ങളെ അറിയില്ല, ഞാനാണ് നിങ്ങള്‍ക്ക് പറഞ്ഞുതരുന്നത്. ഇത് ചക്രമാണ്, ഇതില്‍ നമ്മള്‍ തന്നെയാണ് ദേവതയും ക്ഷത്രിയനുമായി മാറുന്നത്. 21 ജന്മങ്ങള്‍ വളരെ പ്രശസ്തമാണ്. മനുഷ്യര്‍ ഈ കാര്യങ്ങള്‍ അറിയുന്നേയില്ല, തമോപ്രധാനമാണ്. ഇപ്പോള്‍ നിങ്ങള്‍ കുട്ടികള്‍ക്കാണ് മുഴുവന്‍ അറിവും ലഭിക്കുന്നത്, പക്ഷേ മനസ്സിലാക്കുന്നത് വളരെ കുറച്ചുപേരാണ്, അതിനാലാണ് പറയുന്നത് കോടിയില്‍ ചിലരേ വന്ന് ഈ ജ്ഞാനമെടുത്ത് ദേവതാ ധര്‍മ്മത്തിലുള്ളവരായി മാറു, ഇതില്‍ ആശ്ചര്യപ്പെടേണ്ട ആവശ്യമില്ല. ചക്രം ഉപയോഗിച്ച് പറഞ്ഞുകൊടുക്കുക സഹജമാണ്. ഇത് സത്യയുഗമാണ്, ഇത് കലിയുഗമാണ്....... എന്തുകൊണ്ടെന്നാല്‍ സത്യയുഗത്തില്‍ വളരെ കുറച്ചുപേരേ ഉണ്ടാകൂ. വൃക്ഷം ചെറുതായിരിക്കും പിന്നീട് വൃദ്ധി പ്രാപിക്കും. ഈ വൃക്ഷത്തെക്കുറിച്ച് ആര്‍ക്കും അറിയില്ല. പിന്നെ ബ്രഹ്മാവിന്‍റെ കാര്യവും വളരെ ബുദ്ധിമുട്ടിയാണ് മനസ്സിലാക്കുന്നത്. പറയൂ, ബ്രഹ്മാമുഖ വംശാവലി ബ്രാഹ്മണര്‍ തീര്‍ച്ചയായും വേണമല്ലോ. ഇത് ദത്തെടുക്കപ്പെട്ട കുട്ടികളാണ്. ആ ബ്രാഹ്മണര്‍ കുഖവംശാവലികളാണ്, ഈ ബ്രാഹ്മണര്‍ മുഖവംശാവലികളാണ്. ഇത് രാവണന്‍റെ പരദേശമാണ്. അച്ഛന് വന്ന് രാമരാജ്യം സ്ഥാപിക്കണം, അതിനാല്‍ ആരിലെങ്കിലും പ്രവേശിക്കണമല്ലോ. നോക്കൂ, ബ്രഹ്മാവ് വൃക്ഷത്തിന്‍റെ ഏറ്റവും അവസാനഭാഗത്താണ് നില്‍ക്കുന്നത്, ഇത് ജീര്‍ണ്ണിച്ച അവസ്ഥയിലെത്തിയിരിക്കുന്നു. ബാബ പറയുന്നു ഞാന്‍ ഇവരുടെ വളരെ ജന്മങ്ങളുടെ അന്തിമ ജന്മത്തിലാണ് പ്രവേശിക്കുന്നത്. ഇത് 84മത്തെ അന്തിമ ജന്മമാണ്. തപസ്യ ചെയ്യുകയാണ്. നമുക്ക് ഇവരെ ഭഗവാന്‍ എന്ന് പറയാന്‍ സാധിക്കില്ല. ലോകര്‍ ഭഗവാനെ സര്‍വ്വവ്യാപി എന്നു പറഞ്ഞ് കല്ലിലും തൂണിലും ആരോപിച്ചു അതിനാല്‍ സ്വയം തീര്‍ത്തും കല്ലായിത്തീര്‍ന്നു. ദേവതകളുടെ കാര്യം തന്നെ വേറെയാണ്. ഇപ്പോള്‍ നിങ്ങള്‍ പഠിച്ച് ഈ പദവി നേടുകയാണ്, എത്ര ഉയര്‍ന്ന പഠിപ്പാണ്. ഈ ദേവതകളെ ഭഗവാന്‍ ഭഗ

വതി എന്നു വിളിക്കുന്നു എന്തുകൊണ്ടെന്നാൽ പവിത്രമാണ് മാത്രമല്ല സ്വയം ഭഗവാനിലൂടെയാണ് ഈ ധർമ്മം സ്ഥാപിക്കപ്പെട്ടത്. അതിനാൽ തീർച്ചയായും ഭഗവാനും ഭഗവതിയും ഉണ്ടാകണം. പക്ഷേ അവരെ പറയുന്നത് മഹാരാജാവ് മഹാറാണി എന്നാണ്. ശ്രീ ലക്ഷ്മീ നാരായണനെ ഭഗവാൻ ഭഗവതി എന്നു വിളിക്കുന്നതും അന്ധവിശ്വാസമാണ് എന്തെന്നാൽ ഭഗവാൻ ഒന്നേല്ലേയുള്ളു. നിങ്ങൾ ശിവന്റെയും ശങ്കരന്റെയും വ്യത്യാസം പറഞ്ഞുകൊടുക്കുന്നു. അതിനാൽ ലോകർ പറയും ഇവർ ദേവതകളെപ്പോലും എടുത്തുമാറ്റിയിരിക്കുന്നു. നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ചക്രവുമുണ്ട്. പക്ഷേ ആരാണോ മഹാരഥികൾ അവർക്കേ നല്ലരീതിയിൽ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കൂ. വളരെ അധികം പേരുണ്ട്, അവർ കേൾക്കും പക്ഷേ അത് അവരുടെ ബുദ്ധിയിൽ നിൽക്കുന്നില്ല, എങ്കിൽ അവർ എന്തായി മാറും? കുറഞ്ഞ പദവിയുള്ള ദാസ ദാസിയായി മാറും. മുന്നോട്ട് പോകുമ്പോൾ നിങ്ങൾക്ക് സാക്ഷാത്ക്കാരമുണ്ടാകും പക്ഷേ ആ സമയത്ത് ഒന്നും ചെയ്യാൻ പറ്റില്ല. സമയം പൂർത്തിയായി പിന്നീട് എന്ത് ചെയ്യാൻ സാധിക്കും അതിനാലാണ് ബാബ ഇപ്പോൾ തന്നെ താക്കീത് നൽകുന്നത്. പക്ഷേ എല്ലാവരും ഉയരത്തിലെത്തുക ഇതും സാധ്യമല്ല. പാത്രം ശുദ്ധമല്ല, ബുദ്ധിയിൽ ചപ്പും ചവറും നിറഞ്ഞിരിക്കുകയാണ്. ഇതിൽ വളരെ നല്ല പരിശ്രമം വേണം. ചിത്രങ്ങൾ ഉപയോഗിച്ച് മനസ്സിലാക്കിക്കൊടുക്കാൻ വളരെ അധികം അഭ്യാസം ചെയ്യണം. ഇല്ലെങ്കിൽ അവസാന സമയത്ത് പശ്ചാത്തപിക്കേണ്ടിവരും. ഇവിടെ ആത്മാവിന് ഭോജനം ലഭിക്കുകയാണ്. ഇത് എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കേണ്ട കാര്യങ്ങളാണ്. പേടിക്കേണ്ട ഒരു കാര്യവുമില്ല. വലിയ വലിയ സ്ഥലങ്ങളിൽ പ്രദർശിനികളും മ്യൂസിയവും ഉണ്ടെങ്കിൽ പേര് പ്രശസ്തമാകും. ബാബ പറഞ്ഞിട്ടുണ്ട് എല്ലാവരെക്കൊണ്ടും അഭിപ്രായം എഴുതിക്കു, അതും അച്ചടിക്കണം. കുട്ടികൾ വളരെ അധികം സേവനം ചെയ്യണം. മനസ്സിലാക്കുന്നവരാണോ അല്ലയോ എന്ന് നിരീക്ഷിക്കുകയും വേണം. ഇതാണ് പുതിയലോകം, അതാണ് പഴയലോകം. ഇത് ആർക്കും മനസ്സിലാക്കാം കേവലം കാലാവധി കൂട്ടി എന്നു മാത്രം, അതിനാൽ മനുഷ്യർ ആശയക്കുഴപ്പത്തിലാണ്. ആദ്യമാദ്യം അച്ഛന്റെ പരിചയം നൽകണം. ആരാണോ ദേഹീ അഭിമാനിയായിരിക്കുന്നത്, അവർക്കാണ് അതീന്ദ്രിയസുഖം ഉണ്ടാകുന്നത്. കേവലം ഭാഷണത്തിലൂടെ കാര്യം നടക്കില്ല. എപ്പോൾ പ്രഭാഷണം ചെയ്യുന്നുവോ അപ്പോൾ മനസ്സിലാക്കണം ഞാൻ ആത്മാവ് സഹോദരനാണ്, സഹോദരന് മനസ്സിലാക്കിക്കൊടുക്കുകയാണ്. ആത്മാഭിമാനിയായി മാറുക ഇതിൽ വളരെ പരിശ്രമമുണ്ട് പക്ഷേ കുട്ടികൾ മിനിറ്റിന് മിനിറ്റിന് മറക്കുന്നു. അച്ഛൻ തന്നെയാണ് വന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നത്, പാട്ടുമുണ്ട് ആത്മാവും പരമാത്മാവും വേറിട്ടിരുന്നു ഒരുപാടുകാലം............. ഇതിന്റെ അർത്ഥവും നിങ്ങൾക്കേ അറിയാൻ കഴിയൂ. മഹാരഥികൾ സ്വയം ആത്മാവാണെന്നു മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കാൻ നന്നായി പ്രാക്ടീസ് ചെയ്യണം, അപ്പോഴേ സ്വയം ശക്തിശാലിയാണെന്ന തോന്നലുണ്ടാകൂ. ആരാണോ സ്വയം ആത്മാവാണെന്നുപോലും മനസ്സിലാക്കാത്തത് അവർ പിന്നെ എന്ത് ധാരണ ചെയ്യാനാണ്. ഓർമ്മയിലൂടെയാണ് നിങ്ങളിൽ ശക്തി നിറയുന്നത്. ജ്ഞാനത്തെ ബലം എന്നു പറയാറില്ല. യോഗബലം എന്നാണ് പറയാറ്. യോഗബലത്തിലൂടെ തന്നെയാണ് നിങ്ങൾ വിശ്വത്തിന്റെ അധികാരിയായി മാറുന്നത്. ഇപ്പോൾ നിങ്ങൾ അനേകംപേരെ തനിക്കു സമാനമാക്കി മാറ്റണം. ഏതുവരെ മറ്റുള്ളവരെ തനിക്കു സമാനമാക്കി മാറ്റുന്നില്ലയോ അതുവരെയും വിനാശമുണ്ടാകില്ല. മഹായുദ്ധമുണ്ടാകുകയാണെങ്കിലും അത് പിന്നീട് അവസാനിക്കുന്നു. ഇപ്പോൾ വളരെയധികം പേരുടെ കൈയ്യിലും ബോംബുകളുണ്ട് എന്നാൽ ഇത് എടുത്തുവെയ്ക്കാനുള്ള സാധനമല്ല. പഴയ ലോകത്തിന്റെ വിനാശവും ഒരേ ഒരു ആദി സനാതന ധർമ്മത്തിന്റെ സ്ഥാപനയും തീർച്ചയായും ഉണ്ടാകണം. കുറച്ച് സമയങ്ങൾക്ക് ശേഷം എല്ലാവരും പറയും ഇത് അതേ മഹാഭാരത യുദ്ധമാണ്. തീർച്ചയായും ഭഗവാനും കൂടെയുണ്ട്. എപ്പോൾ നിങ്ങളുടെ അടുത്തേയ്ക്ക് അനേകം പേർ വരാൻ തുടങ്ങുന്നുവോ അപ്പോൾ എല്ലാവരും അംഗീകരിക്കും, അവർ പറയും ഇവരുടെ വൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കുന്നു ഇവർക്ക് വളരെ അധികം ശക്തിയുണ്ട്. നിങ്ങൾ എത്ര ഓർമ്മയിൽ ഇരിക്കുന്നോ അത്രത്തോളം നിങ്ങളിൽ ശക്തി നിറഞ്ഞുകൊണ്ടിരിക്കും. അച്ഛന്റെ ഓർമ്മയിലൂടെയാണ് നിങ്ങൾ മറ്റുള്ളവർക്ക് പ്രകാശം നൽകുന്നത്. ബ്രഹ്മാബാബയും പറയും കുട്ടികൾ എന്നെക്കാൾ നന്നായി സേവനം ചെയ്യുന്നുണ്ട്. ഇപ്പോൾ കുറച്ച് സമയമുണ്ട്, യോഗത്തിൽ ആർക്കും യഥാർത്ഥരീതിയിൽ ഇരിക്കാൻ കഴിഞ്ഞിട്ടില്ല. സ്വയം മനസ്സിലാക്കുന്നുണ്ട് യോഗത്തിൽ ഞാൻ അല്പം പിറകിലാണ് അതിനാലാണ് ശരിക്കും ലക്ഷ്യത്തിൽ അമ്പ് തറയ്ക്കാത്തത്. ഭഗവാൻ കുമാരിമാരിൽ ജ്ഞാനബാണം നിറയ്ക്കുന്നു. നിങ്ങൾ പ്രജാപിതാവിന്റെ ബ്രഹ്മാകുമാരന്മാരും കുമാരിമാരുമല്ലേ. ഇതാണ് ബ്രഹ്മാവ്. നിങ്ങൾ ദത്തെടുക്കപ്പെട്ട കുട്ടികളാണ്. രചയിതാവ് ഒരാളേയുള്ളു, ബാക്കി എല്ലാവരും പഠിക്കുകയാണ്. അതിൽ ഈ ബ്രഹ്മാവും ഉൾപ്പെടും. അപ്പോൾ ഇവരും രചനയായില്ലേ. നിങ്ങൾ ദേവതയായി മാറുന്നവരാണ്. ദൈവീക ഗുണങ്ങൾ ധാരണ ചെയ്യുന്നവരാണ്. ചിലപ്പോൾ രണ്ട് ചക്രവും ഒരുമിച്ച് കറങ്ങില്ല. മരുഭൂമിയിൽ നിൽക്കുന്നതുപോലെ. ബാബ പേര് പറയുന്നില്ല. അല്ലെങ്കിൽ ബാബ പറയുന്നത് സത്യമാണ് എന്ന് മനസ്സിലാക്കണം. കുട്ടികൾക്ക് ആരോടൊപ്പം കാര്യവ്യവഹാരങ്ങളുണ്ടോ അവരുടെ സ്വഭാവം മനസ്സിലാക്കി മുന്നോട്ടു പോകണം.

കുട്ടികൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ തന്നെയായിരുന്നു കിരീടധാരികൾ. ഇപ്പോൾ വീണ്ടും ആവുകയാണ്. ആദ്യം നിങ്ങൾ ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുക്കുമ്പോൾ അവർ അംഗീകരിക്കില്ലായിരുന്നു. പിന്നീട് പതുക്കെ പതുക്കെ മനസ്സിലാക്കുന്നു, ഇതിന് നല്ല ബുദ്ധിവേണം. ആത്മാവിലാണ് ബുദ്ധി. ആത്മാവ് സത് ചിത്, ആനന്ദസ്വരൂപമാണ്. ഇപ്പോൾ നിങ്ങൾ കുട്ടികളെ ദേഹീ അഭിമാനിയാക്കി മാറ്റുകയാണ്. ഏതു വരെ ബാബ വരുന്നില്ലയോ അതുവരെ ആർക്കും ദേഹീ അഭിമാനിയാകാൻ സാധിക്കില്ല. ഇപ്പോൾ അച്ഛൻ പറയുന്നു ദേഹീ അഭിമാനിയായി ഭവിയ്ക്കു. എന്നെ മാത്രം ഓർമ്മിക്കുകയാണെങ്കിൽ എന്നിൽ നിന്നും ശക്തി ലഭിക്കും. ഈ ധർമ്മത്തിന് വളരെ ശക്തിയുണ്ട്. മുഴുവൻ വിശ്വത്തിലും രാജ്യം ഭരിച്ചിരുന്നു, ഇത് എന്താ ചെറിയ കാര്യമാണോ? നിങ്ങൾക്ക് ശക്തി ലഭിക്കുന്നത് അച്ഛനുമായി യോഗം വെയ്ക്കുന്നതിലൂടെയാണ്. ഇതാണ് പുതിയ കാര്യം ഇത് നല്ലരീതിയിൽ മനസ്സിലാക്കിക്കൊടുക്കേണ്ടി വരും. ആത്മാക്കളുടെ പരിധിയില്ലാത്ത അച്ഛൻ ബാബ തന്നെയാണ്. ബാബ തന്നെയാണ് പുതിയ ലോകത്തിന്റെ രചയിതാവ്. അതിനാൽ ശിവഭഗവാന്റെ കർത്തവ്യം മനസ്സിലാക്കിക്കൊടുക്കണം അവർ വന്ന് എന്താണ് ചെയ്യുന്നത്. കൃഷ്ണജയന്തി, ശിവജയന്തി  രണ്ടും ആഘോഷിക്കുന്നുണ്ട്. ഇപ്പോൾ ഇവരിൽ ഉയർന്നത് ആരാണ്? ഉയർന്നതിലും ഉയർന്നത് നിരാകാരനാണ്. ശിവജയന്തി ആഘോഷിക്കാൻ അവർ എന്താണ് ചെയ്തത്, കൃഷ്ണൻ എന്താണ് ചെയ്തത്? പരമപിതാ പരമാത്മാവ് സാധാരണ വൃദ്ധ ശരീരത്തിൽ വന്ന് സ്ഥാപന ചെയ്തു എന്ന് എഴുതിയിട്ടുണ്ട്. അനേക പ്രകാരത്തിലുള്ള അഭിപ്രായങ്ങളുണ്ട്. ശ്രീമതം ഒരാളുടേത് മാത്രമാണ്, അതിലൂടെയാണ് നിങ്ങൾ ശ്രേഷ്ഠരായി മാറുന്നത്. മനുഷ്യരുടെ മതത്തിലൂടെ എങ്ങനെ ശ്രേഷ്ഠമാകും. ഈ ഈശ്വരീയ മതം നിങ്ങൾക്ക് കല്പത്തിൽ ഒരേ ഒരു തവണ സംഗമത്തിൽ മാത്രമാണ് ലഭിക്കുന്നത്. ദേവതകൾ മതമൊന്നും നൽകുന്നില്ല. മനുഷ്യനിൽ നിന്നും ദേവതയായി മാറി കഴിഞ്ഞു, അത്രയേയുള്ളു. സത്യയുഗത്തിൽ ഗുരുവിന്റെ അടുത്തേയ്ക്കും പോകില്ല. ഇവിടെ മനുഷ്യർ ഗുരുവിൽ നിന്നും മതം സ്വീകരിക്കുന്നു. അതിനാൽ യുക്തിയോടുകൂടി പറഞ്ഞുകൊടുക്കണം നമ്മൾ രാജയോഗികളാണ്. ഹഠയോഗികൾക്ക് ഒരിയ്ക്കലും രാജയോഗം  പഠിപ്പിക്കാൻ സാധിക്കില്ല. അവർ നിവൃത്തീ മാർഗ്ഗത്തിലുള്ളവരാണ്. തീർത്ഥാടനത്തിന് പോകേണ്ടത് പ്രവൃത്തി മാർഗ്ഗത്തിലുള്ളവർക്കുതന്നെയാണ്.

നിങ്ങൾ കുട്ടികൾ ഒരു കാര്യത്തിലും സംശയിക്കരുത്. ഈ ഡ്രാമ ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമാണ്, ഇത് ആവർത്തിച്ചുകൊണ്ടേയിരിക്കും. നിങ്ങളുടെ സേവനവും കഴിഞ്ഞ കല്പത്തിലേതുപോലെയാണ്. ഡ്രാമ തന്നെയാണ് നിങ്ങളെക്കൊണ്ട് പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നത്.  നിങ്ങൾ അതു ചെയ്യുന്നതും കല്പം മുമ്പത്തേതുപോലെയാണ്. പുരുഷാർത്ഥം ചെയ്യുന്നവരെ നിങ്ങൾക്ക് അവരുടെ പെരുമാറ്റത്തിലൂടെ തിരിച്ചറിയാൻ സാധിക്കും, അതിനാലാണ് പ്രദർശിനികളിൽ എങ്ങനെയുള്ള ഗ്രൂപ്പാണെന്നു നോക്കി വഴികാട്ടികളെ പറഞ്ഞയക്കുന്നത് നന്നായി മനസ്സിലാക്കിക്കൊടുക്കാൻ വേണ്ടി. പഠിപ്പിക്കുന്ന അച്ഛന് നല്ല രീതിയിൽ അറിയാമല്ലോ. ബാബ നമ്മെ എത്ര വിശാലമായ പരിധിയില്ലാത്ത ബുദ്ധിയുള്ളവരാക്കി മാറ്റുന്നു. നമ്മൾ ആരുടെ കുട്ടികളാണ് ഇതിൽ നിങ്ങൾക്ക് ലഹരിയുണ്ടായിരുക്കണം. ഭഗവാൻ നമ്മെ പഠിപ്പിക്കുകയാണ്. ചിലർക്ക് പഠിക്കാൻ പറ്റുന്നില്ലെങ്കിൽ ഓടിപ്പോകുന്നു. ഭഗവാനും മനസ്സിലാക്കും ഇത് നമ്മുടെ കുട്ടിയല്ല. നിങ്ങൾ കാണുന്നുണ്ട് ഭഗവാന്റെ കുട്ടികൾ പഠിക്കുന്നുണ്ടായിരുന്നു പിന്നീട് ഓടിപ്പോകുന്നു എന്നിട്ട് പിന്നീട് എന്തെങ്കിലും മനസ്സിലാകുകയാണെങ്കിൽ വീണ്ടും പഠിക്കാൻ തുടങ്ങുന്നു. പിന്നീട് യോഗത്തിൽ നല്ലരീതിയിൽ ഇരിക്കുകയാണെങ്കിൽ നല്ലപദവി നേടാൻ സാധിക്കും. ഞാൻ ഇങ്ങനെയുള്ള വിദ്യാലയത്തെ ഉപേക്ഷിച്ച് ഒരുപാട് സമയം വ്യർത്ഥമാക്കി എന്ന് മനസ്സിലാക്കും. ഇനി ഇപ്പോൾ തീർച്ചയായും അച്ഛനിൽ നിന്നും സമ്പത്ത് എടുക്കും. ബാബയെ ഓർമ്മിച്ച് ഓർമ്മിച്ച് അഥവാ ബാബാ ബാബാ എന്നു പറഞ്ഞ് പറഞ്ഞ് രോമാഞ്ചം ഉണ്ടാകണം. ബാബ നമുക്ക് ഉയർന്ന പദവി നൽകുന്നു. നമ്മൾ എത്ര ഭാഗ്യശാലികളാണ്. ഓരോ നിമിഷവും അച്ഛന്റെ ഓർമ്മയുണ്ടെങ്കിൽ, നിർദ്ദേശാനുസരണം നടക്കുകയാണെങ്കിൽ വളരെ അധികം ഉന്നതിയുണ്ടാകും. പിന്നീട് അവരെ എല്ലാവരും ബഹുമാനിക്കും. ബാബ പറയുന്നു- പഠിച്ചവരുടെ മുന്നിൽ പഠിക്കാത്തവർ ഭാരം ചുമക്കും. ദേഹാഭിമാനമുള്ളവർക്ക് ദൈവീക ഗുണങ്ങൾ ധാരണചെയ്യാൻ സാധിക്കില്ല. നിങ്ങളുടെ മുഖം ഫസ്റ്റ് ക്ലാസായിരിക്കണം. പറയാറുണ്ട് ആരെയാണോ ഭഗവാൻ പഠിപ്പിക്കുന്നത് അവരോട് ചോദിക്കണം അതീന്ദ്രിയ സുഖം എന്താണെന്നത്. എങ്കിൽ പഠിപ്പിൽ എത്രത്തോളം ശ്രദ്ധവെയ്ക്കണം, എത്രത്തോളം ശ്രീമതം അനുസരിച്ച് നടക്കേണ്ടതുണ്ട്. നിങ്ങളുടെ യോഗത്തിന്റെ ശക്തിയിലൂടെ വിശ്വവും പവിത്രമായി മാറും. നിങ്ങൾ യോഗത്തിലൂടെ വിശ്വത്തെ പവിത്രമാക്കി മാറ്റുകയാണ്. അത്ഭുതമാണ്. ഗോവർദ്ധന പർവ്വതത്തെ വിരലുകൊണ്ട് ഉയർത്തണം. ഈ മോശമായ ലോകത്തെ ആരാണോ പവിത്രമാക്കി മാറ്റിയത് അവരുടെ അടയാളമാണിത്. ശരി-

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക്  മാതാവും

പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യസാരം –

1. സത്യജ്ഞാനത്തെ ബുദ്ധിയിൽ ധാരണ ചെയ്യുന്നതിനായി ബുദ്ധിയാകുന്ന പാത്രത്തെ സ്വച്ഛവും ശുദ്ധ വുമാക്കി മാറ്റണം. വ്യർത്ഥമായ കാര്യങ്ങളെ ബുദ്ധിയിൽ നിന്നും എടുത്ത് കളയണം.

2. ദൈവീക ഗുണങ്ങളുടെ ധാരണയിലും പഠിപ്പിലും മുഴുവൻ ശ്രദ്ധയും നൽകി അതീന്ദ്രിയസുഖത്തിന്റെ അനുഭവം ചെയ്യണം. നമ്മൾ ഭഗവാന്റെ കുട്ടികളാണ്, ഭഗവാൻ നമ്മെ പഠിപ്പിക്കുകയാണ്– ഈ ലഹരി യിൽ മുഴുവൻ ദിവസവും ഇരിക്കണം.

## വരദാനം:– നിശ്ചയത്തിന്റെ അടിത്തറയിലൂടെ സമ്പൂർണ്ണത വരെ എത്തുന്ന നിശ്ചയബുദ്ധിയും നിശ്ചിന്തരുമായി ഭവിക്കട്ടെ.

ഈ ബ്രാഹ്മണ ജീവിതത്തിന്റെ സമ്പന്നതയുടെ അടിത്തറയാണ് നിശ്ചയം, മാത്രമല്ല ഈ അടിത്തറ ഉറപ്പുള്ളതാണെങ്കിൽ സഹജമായും തീവ്രഗതിയിലൂടെയും സമ്പൂർണ്ണത വരെ എത്തുക നിശ്ചിതമാണ്. ആരാണോ യഥാർത്ഥ നിശ്ചയബുദ്ധി അവർ സദാ നിശ്ചിന്തരായിരിക്കും. യഥാർത്ഥ നിശ്ചയമാണ് തന്റെ ആത്മസ്വരൂപത്തെ അറിയുക, അംഗീകരിക്കുക, അപ്രകാരം നടക്കുക, മാത്രമല്ല ബാബ എന്താണോ എങ്ങനെയാണോ, ഏത് രൂപത്തിലാണോ പാർട്ട് അഭിനയിക്കുന്നത് അവ യഥാർത്ഥമായി അറിയുക. അങ്ങനെയുള്ള നിശ്ചയബുദ്ധി വിജയിയായി മാറുന്നു.

## സ്ലോഗൻ:– തന്റെ സമയത്തെ, സുഖത്തെ, പ്രാപ്തിയുടെ ഇച്ഛയെ സർവ്വരെയും പ്രതി ദാനം ചെയ്യുന്നവർ തന്നെയാണ് മഹാദാനി.

**അവ്യക്തി സൈലൻസിലൂടെ ഡബിൾലൈറ്റ് ഫരിസ്താ സ്ഥിതിയുടെ അനുഭവം ചെയ്യൂ.**
ആരംഭ കാലങ്ങളിൽ അഭ്യാസം ചെയ്തിരുന്നു– നടന്നുകൊണ്ടിരിക്കുന്നുണ്ട് പക്ഷെ സ്ഥിതി മറ്റുള്ളവർ മനസ്സിലാക്കുന്നത് അതായത് ഇത് ഏതോ ലൈറ്റ് പോയിക്കൊണ്ടിരിക്കുകയാണ്, അവർക്ക് ശരീരമൊന്നും കാണപ്പെട്ടിരുന്നില്ല, ഇതേ അഭ്യാസത്തിലൂടെ ഓരോ വിധത്തിലുമുള്ള പരീക്ഷകൾ പാസ്സായി. അതിനാൽ ഇപ്പോൾ സമയം വളരെ മോശമായിക്കൊണ്ടിരിക്കുന്നതിനാൽ ഡബിൾലൈറ്റായിരിക്കാനുള്ള അഭ്യാസം വർദ്ധിപ്പിക്കൂ. മറ്റുള്ളവർക്ക് സദാ താങ്കളുടെ ലൈറ്റ് രൂപം കാണപ്പെടട്ടെ– ഇത് തന്നെയാണ് സുരക്ഷിതത്വം. ഉള്ളിൽ വന്ന് ലൈറ്റിന്റെ കോട്ട കാണട്ടെ.